"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം- ഡോ. റഫ പറമ്പത്ത് പള്ളിയാലി, അസിസ്റ്റന്റ് സർജൻ , ജനറൽ ആശുപത്രി, അടൂർ, പത്തനംതിട്ട — മലപ്പുറം ക്ലാരി പോലീസ് ഡിസ്പെൻസറിയിൽ അന്യത്രസേവനം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര(കെ)വകുപ്പ്**

സ.ഉ.(സാധാ) നം.2218/2024/HOME തീയതി,തിരുവനന്തപുരം, 02-08-2024

പരാമർശം:-

1. 10.05.2013 -ലെ 42/2013/ധന നമ്പർ സർക്കുലർ
2. 28.11.2013 -ലെ സ.ഉ. (പി) നം.580/2013/ധന നമ്പർ
3. ഡോ.റഫ പറമ്പത്ത് പള്ളിയാലി-യുടെ 10.11.2023- ലെ അപേക്ഷ
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.06.2024-ലെ ഡിഎച്ച്എസ്/7453/2024-ഇഎ 4 നമ്പർ കത്ത്
5. സംസ്ഥാന പോലീസ് മേധാവിയുടെ 03.04.2024- ലെ എ8/178814/2023/പിഎച്ച്ക്യൂ (1)നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം, ക്ലാരി പോലീസ് ഡിസ്പെൻസറിയിൽ ഒഴിവുള്ള മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് അന്യത്രസേവനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 3 പ്രകാരം ഡോ.റഫ പറമ്പത്ത് പള്ളിയാലി സമർപ്പിച്ച അപേക്ഷ പരാമർശം 5 പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്. ടിയാളുടെ സേവനം മാതൃവകുപ്പിൽ നിന്നും വിട്ടുനല്കുന്നതിന് പരാമർശം 4 പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ നിരാക്ഷേപപത്രം നല്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടൂർ ജനറൽ ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. റഫ പറമ്പത്ത് പള്ളിയാലി- ന് മലപ്പുറം, ക്ലാരി പോലീസ് ഡിസ്പെൻസറിയിൽ ഒഴിവുള്ള മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അന്യത്രസേവന കാലാവധിയ്ക്കുള്ളിൽ ഡോ. റഫ പറമ്പത്ത് പള്ളിയാലി- ന് സ്ഥാനക്കയറ്റം ലഭിക്കുകയാണെങ്കിലോ, അന്യത്രസേവന കാലാവധിയ്ക്ക് ശേഷം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് സർക്കാർ അനുമതി ലഭിച്ചിട്ടില്ലെങ്കിലോ ടിയാളുടെ അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം 1- ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതും ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ജില്ലാ പോലീസ് മേധാവി, മലപ്പുറം
കമാണ്ടന്റ്, RRF, ക്ലാരി, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) , തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡോ. റഹ്മ പറമ്പത്ത് പള്ളിയാലി, അസിസ്റ്റന്റ് സർജൻ, ജനറൽ ആശുപത്രി, അടൂർ (ഡയറക്ടർ, ആരോഗ്യവകുപ്പ് മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 02-08-2024 12:14:29

പകർപ്പ് -ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

<u>മേലെഴുത്തു നമ്പർ EA$_4$-7453/2024/DHS ,Dated 02/08/2024</u>

ഉത്തരവിന്റെ പകർപ്പ് അറിവിനും തുടർ നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

Signed by V. Gopakumar
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി
Date: 02-08-2024 16:28:46

To,

ഡോ.റഹ്മ പറമ്പത്ത് പള്ളിയാലി ,അസിസ്റ്റന്റ് സർജൻ ,ജനറൽ ഹോസ്പിറ്റൽ,അടൂർ, പത്തനംതിട്ട